| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3255 | 24/02/2016 ൽ മറുപടിക്ക് |
| **ബാർ കോഴ** | |
| ചോദ്യം | മറുപടി |
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.രാധാകൃഷ്ണൻ<br>,, പി.ടി.എ. റഹീം<br>,, എസ്.രാജേന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2014 ഡിസംബർ 31 ന് ചേർന്ന ബാറുടമ സംഘടനയുടെ യോഗത്തിൽ നടന്ന സംഭാഷണങ്ങളുടെ മൂന്നു മണിക്കൂറോളം നീളുന്ന ശബ്ദരേഖ, അന്വേഷണത്തിന്റേയോ, പരാതികളുടേയോ ഭാഗമായി വിജിലൻസിനു ലഭിച്ചിട്ടുണ്ടായിരുന്നുവോ; | (എ) | ശബ്ദരേഖകളടങ്ങിയ സി.ഡി.കോടതിയിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ചിട്ടുണ്ടായിരുന്നു. കൂടാതെ ശ്രീ.ബിജുരമേശ് 2015 ജനുവരിയിൽ അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെയും ഹാജരാക്കിയിരുന്നു. |
| (ബി) | ഈ ശബ്ദരേഖയെ അടിസ്ഥാനമാക്കി ബാർകോഴ ഇടപാടും അന്വേഷണവുമായി ബന്ധപ്പെട്ട് വിജിലൻസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ; ഈ ശബ്ദരേഖയുടെ ഏതെങ്കിലും ഒരു ഭാഗം മാത്രം വിജിലൻസ് ഡയറക്ടർ മാധ്യമങ്ങൾക്ക് നൽകുകയുണ്ടായോ; എങ്കിൽ ഏത് ഭാഗം; | (ബി) | ഈ ശബ്ദരേഖ നിയമപരമായ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ ഈ ശബ്ദരേഖ ആർക്കും നൽകിയിട്ടില്ല. |
| (സി) | ഈ ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥനെതിരെ കേസെടുത്തിട്ടുണ്ടോ; അതേ സി.ഡി യിൽ ബാർ കോഴ ഇടപാടിൽ ബന്ധമുള്ളതായി പരാമർശമുള്ള മൂന്നു മന്ത്രിമാർക്കും അഡ്വക്കേറ്റ് ജനറലിനുമെതിരെ കേസെടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | (സി) | അന്വേഷണ ഉദ്യോഗസ്ഥനെതിരെ കേസ്സെടുത്തിട്ടില്ല. നിയമസാധുത ഇല്ലാത്തതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയും കേസ്സെടുത്തിട്ടില്ല. |
| (ഡി) | പ്രസ്തുത ശബ്ദരേഖയിൽ മന്ത്രിമാരായ കെ.ബാബു, രമേശ് ചെന്നിത്തല, പി.ജെ ജോസഫ്, കെ.എം. മാണി, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി ബന്ധപ്പെട്ട പരാമർശങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത ശബ്ദരേഖയുടെ പൂർണ്ണരൂപം സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ? | (ഡി) | വിചാരണ കോടതി മുന്നിലുള്ള വിഷയമായതിനാൽ വിവരങ്ങൾ വെളിപ്പെടുത്താനോ, ശബ്ദരേഖയുടെ പൂർണ്ണരൂപം ഹാജരാക്കാനോ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ